# കരുത്തും ഗാംഭീര്യവും തെളിയിച്ച സോളിഡാരിറ്റി മലപ്പുറം ജില്ലാ സമ്മേളനം

മലപ്പുറം: സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളുടെ ചരിത്രം തുടിക്കുന്ന മണ്ണിൽ നീതിക്കും നിലനിൽപിനുമുള്ള സമരസാക്ഷ്യമായി പതിനായിരങ്ങൾ ഒത്തുചേർന്നപ്പോൾ മലപ്പുറത്തിന് അത് പുതിയ അനുഭവമായി. മൂന്നര വർഷം പ്രായമുള്ള സോളിഡാരിറ്റിയുടെ പ്രഥമ ജില്ലാ സമ്മേളനംതന്നെ ജില്ലയിൽ ഈ യുവജനപ്രസ്ഥാനം അനിഷേധ്യശക്തിയാണെന്ന് വിളിച്ചറിയിച്ചു. അച്ചടക്കവും കരുത്തും ഗാംഭീര്യവും ഒത്തുചേർന്ന കൂറ്റൻ യുവജനറാലി നഗരത്തിന്റെ ഹൃദയം കവർന്നു. അനീതിക്കും അധർമത്തിനുമെതിരെയും പ്രാന്തവത്കരിക്കപ്പെട്ടവർക്കും നിശ്ശബ്ദരാക്കപ്പെട്ടവർക്കും വേണ്ടിയും ശബ്ദമുയർത്തി ചിട്ടയോടെ മുന്നോട്ടുനീങ്ങിയ യുവാക്കൾ പുതിയ പ്രതീക്ഷയുണർത്തി.

നാലുവരിയായി പ്രത്യേക ബ്ലോക്കുകളായാണ് പ്രകടനം മുന്നോട്ടു നീങ്ങിയത്. വിവിധ പ്രാദേശിക, ദേശീയ, അന്തർദേശീയ വിഷയങ്ങളിൽ സോളിഡാരിറ്റിയുടെ ആശയങ്ങളും നയനിലപാടുകളും വ്യക്തമാക്കുന്ന ചടുലമായ മുദ്രാവാക്യങ്ങളും ബാനറുകളും ദൃശ്യങ്ങളും ആകർഷകമായി. നീതിനിഷേധത്തിനും അഴിമതിക്കും വർഗീയതക്കും സാമ്രാജ്യത്വത്തിനുമെതിരെ ശക്തമായ പ്രതിഷേധവും പോരാട്ട ആഹ്വാനവുമായി യുവജനറാലി. പുഴയും മണ്ണും വിറ്റും ആദിവാസികളടക്കമുള്ള പാവങ്ങളെ കുടിയിറക്കിയും ചൂഷണം ചെയ്തുമുള്ള വികസനഭീകരതയെയും പൊള്ളയായ കേരള വികസനമാതൃകയെയും റാലി ചോദ്യം ചെയ്തു. എ.ഡി.ബിയുടെയും ലോകബാങ്കിന്റെയും അടിമച്ചങ്ങല വിലയ്ക്ക് വാങ്ങരുതെന്ന് ഗവൺമെന്റിനെ ഓർമിപ്പിച്ചു. സ്നേഹവും ധർമവും ഐക്യവും കൊണ്ട് വർഗീയതയെ തടഞ്ഞുനിർത്താനും റാലി ആഹ്വാനം ചെയ്തു.

ഇന്ത്യ-അമേരിക്ക ആണവകരാർ, സദ്ദാം വധം, എ.ഡി.ബിയും ഡി.വൈ.എഫ്.ഐയും: ഇന്നലെ ഇന്ന്, മീഡിയാ ഭീകരത, മഅ്ദനിയും രാഷ്ട്രീയ പാർട്ടികളുടെ കാപട്യവും, കരിപ്പൂർ വിമാനത്താവള വികസനത്തിന്റെ ഇരകൾ തുടങ്ങിയവ ചിത്രീകരിച്ച ഫ്ലോട്ടുകൾ ശ്രദ്ധേയമായി. മുണ്ടുപറമ്പ് ബൈപ്പാസിൽനിന്ന് ആരംഭിച്ച പ്രകടനം വലിയങ്ങാടിയിലെ സമ്മേളന നഗരിയിൽ സമാപിച്ചു. മലപ്പുറം ഈസ്റ്റ്, വെസ്റ്റ് ജില്ലാ പ്രസിഡന്റുമാരായ മുസ്തഫാ ഹുസൈൻ, സലീം മമ്പാട്, സമ്മേളന ജനറൽ കൺവീനർ അയ്യൂബ് തിരൂർ തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.

മഗ്‌രിബ് നമസ്കാരത്തിനു മുമ്പുതന്നെ വിശാലമായ സമ്മേളനനഗരി നിറഞ്ഞുകവിഞ്ഞു. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീർ ടി. ആരിഫലി നമസ്കാരത്തിന് നേതൃത്വം നൽകി. സമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്തു. കേരളീയ സമൂഹത്തിന് ജമാഅത്തെ ഇസ്‌ലാമി നൽകിയ സംഭാവനയാണ് സോളിഡാരിറ്റിയെന്ന് അമീർ പറഞ്ഞു. സേവനത്തിനും പോരാട്ടത്തിനും യുവജനശക്തിയെ ഉപയോഗപ്പെടുത്തുകയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം. ആ ലക്ഷ്യം പൂർത്തീകരിക്കാൻ സോളിഡാരിറ്റിക്ക് കഴിയുമെന്ന് മൂന്നര വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പിച്ചുപറയാൻ കഴിയും. സോളിഡാരിറ്റിയുടെ പ്രവർത്തനം ആദർശവ്യതിയാനമല്ലേയെന്ന് വിമർശിക്കുന്നവരോട് പ്രവാചകന്മാരുടെ പിന്തുടർച്ച പിൻപറ്റുന്ന പ്രസ്ഥാനത്തിന് തിന്മക്കെതിരെയും അധഃസ്ഥിതർക്കു വേണ്ടിയും ശബ്ദമുയർത്തുകയല്ലാതെ മറ്റെന്താണ് ഇന്ന് ചെയ്യാനുള്ളതെന്ന് അമീർ ചോദിച്ചു. നിങ്ങൾ സെക്യുലരിസത്തിന്റെ മുഖംമൂടി അണിയുകയല്ലേ എന്നും ചിലർ ചോദിക്കുന്നു. മുഖംമൂടി അണിയുകയല്ല; ഇസ്‌ലാം ഉൾക്കൊള്ളുന്ന സ്നേഹസൗഹൃദങ്ങളുടെയും സേവനത്തിന്റെയും പോരാട്ടത്തിന്റെയും മുഖം അനാവരണം ചെയ്യുകയാണ് ഞങ്ങൾ-അമീർ പറഞ്ഞു.

ജില്ലയിൽ സാമുദായിക ധ്രുവീകരണമുണ്ടാക്കാൻ നടത്തുന്ന അപകടകരമായ നീക്കങ്ങളെ ജനങ്ങൾ കരുതിയിരിക്കണമെന്ന് അമീർ ആവശ്യപ്പെട്ടു. രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള മത്സരത്തിൽ സാമുദായിക, വർഗീയ ശക്തികളെ ഉപയോഗപ്പെടുത്തുകയും ദർഗകളെയും പള്ളിക്കമ്മിറ്റികളെയും മത്സരവേദികളാക്കുകയുമാണ്. സഹോദര സമുദായങ്ങളുമായി സൗഹൃദബന്ധം സ്ഥാപിച്ച് വർഗീയതയും ഫാഷിസവും വളരാതിരിക്കാൻ മുൻകരുതൽ സ്വീകരിക്കലാണ് യഥാർഥ പ്രതിരോധം. ഇതിനെ ഭീരുത്വമെന്ന് ആക്ഷേപിക്കുന്നവർ, ഇരുട്ടിന്റെ മറവിൽ ആക്രമണം നടത്തി ഭാര്യാസന്താനങ്ങളെ പോലും അരക്ഷിതരാക്കിവിട്ട് ഓടിയൊളിക്കലാണോ ധീരതയെന്ന് വ്യക്തമാക്കണം. ഇവർക്കാണോ സമുദായത്തെ രക്ഷിക്കാനാവുക? താൽക്കാലിക നേട്ടങ്ങൾക്കുവേണ്ടി രാഷ്ട്രീയ പാർട്ടികൾ വർഗീയത വളർത്തുന്ന നടപടികൾ സ്വീകരിക്കരുതെന്നും അമീർ ആവശ്യപ്പെട്ടു.

പ്രമുഖ കോളമിസ്റ്റ് കുൽദീപ് നയാർ മുഖ്യ പ്രഭാഷണം നിർവഹിച്ചു. ഗാന്ധിജി നിലകൊണ്ടിരുന്ന മതനിരപേക്ഷത, ജനാധിപത്യം, ജനക്ഷേമം തുടങ്ങിയ മൂല്യങ്ങൾക്കുവേണ്ടിയാണ് സോളിഡാരിറ്റി പ്രവർത്തിക്കുന്നതെന്നും എല്ലാ വിഭാഗങ്ങളിൽപെട്ടവരും ഒരുപോലെ അണിനിരക്കുന്ന പൊതുവേദിയായി സംഘടനയെ മാറ്റേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഉള്ളവരുടെ താൽപര്യം മാത്രം സംരക്ഷിക്കുന്നതാണ് ഇന്നത്തെ വികസനം. കണ്ണീരില്ലാത്ത, എല്ലാവർക്കും പാർപ്പിടമുള്ള ഇന്ത്യയായിരുന്നു സ്വാതന്ത്ര്യത്തിന് പോരാടിയപ്പോൾ നാം വാഗ്ദാനം ചെയ്തിരുന്നത്. ആറു മില്യൻ കുട്ടികൾ ഇന്ന് പട്ടിണിയിൽ കഴിയുമ്പോൾ ആ സ്വപ്നം പൊലിഞ്ഞുപോയിരിക്കുന്നു. വിഭജനകാലത്ത് പത്തു ലക്ഷം പേർ കൊല്ലപ്പെട്ടു. ഇനിയാരും മതത്തിന്റെ പേരിൽ കൊല്ലപ്പെടില്ലെന്ന് നാം ആഗ്രഹിച്ചു, പ്രതീക്ഷിച്ചു. പക്ഷേ, ഗുജറാത്ത് പോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ ജീവിതസായാഹ്നത്തിൽ ഞാൻ ദുഃഖിതനാണ്. ആഗോളീകരണത്തിന്റെയും സ്വതന്ത്ര വിപണിയുടെയും പേരിൽ ഇന്ന് അടിമത്തം തിരിച്ചുവരികയാണ്. ആഗോളീകരണം ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിച്ചത് മുസ്‌ലിംകളെയാണെന്ന് സച്ചാർ കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പശ്ചിമബംഗാളിൽ ഗവൺമെന്റ് കുത്തക കമ്പനികൾക്കുവേണ്ടി കർഷകരെ കുടിയിറക്കുകയാണ്. സി.പി.എമ്മിൽനിന്ന് ഇത് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല- അദ്ദേഹം പറഞ്ഞു.

ആഗോളീകരണത്തിനെതിരായ പ്രതിഷേധം തെരുവിൽ ഒതുങ്ങിക്കൂടാ. അസംബ്ലിയിലും പാർലമെന്റിലും അത് അലയടിക്കണം. സാമ്രാജ്യത്വത്തിനെ

തിരെ ചെറുരാജ്യങ്ങളോടൊപ്പം നിലയുറപ്പിച്ച പാരമ്പര്യമുള്ള നമ്മുടെ രാജ്യം പക്ഷേ, ഇന്ന് പടിഞ്ഞാറൻ പക്ഷത്തേക്ക് ചാഞ്ഞിരിക്കുകയാണ്. അമേരിക്കയോട് യാചിക്കുന്ന അവസ്ഥ മാറ്റണം. തെക്കേനേഷ്യൻ രാജ്യങ്ങൾ ഒരു സാമ്പത്തിക ശക്തിയായി വളരേണ്ടതുണ്ട്. അതിന് പരസ്പര വിദ്വേഷവും മേധാവിത്വബോധവും അവസാനിപ്പിക്കണം. ഇരുപത് വർഷം മുമ്പ് വാഗാ അതിർത്തിയിൽ ഇന്ത്യാ-പാക് സൗഹൃദത്തിനു വേണ്ടി മെഴുകുതിരി കത്തിക്കുന്ന ഒരു ചടങ്ങ് താൻ തുടങ്ങിയപ്പോൾ പത്തിരുപത് ആളുകളാണ് പങ്കെടുക്കാനുണ്ടായിരുന്നതെങ്കിൽ കഴിഞ്ഞ വർഷം അഞ്ചു ലക്ഷം പേരാണ് അവിടെ ഇന്ത്യാ-പാക് സൗഹൃദത്തിനായി മുദ്രാവാക്യം വിളിച്ചതെന്നും ഇത് ആശാവഹമാണെന്നും കുൽദീപ് നയാർ പറഞ്ഞു. രാഷ്ട്രീയത്തിൽ മതം കലർത്തരുത്. ജാതി, മത പരിഗണനയില്ലാതെ നല്ല സ്ഥാനാർഥികളെ തെരഞ്ഞെടുക്കാൻ സോളിഡാരിറ്റി ജനങ്ങളെ ഉപദേശിക്കുകയും അതിനായി ഒരു ഫോറം രൂപീകരിക്കുകയും ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. *മാധ്യമം* പ്രകാശനം ചെയ്യുമ്പോൾ അത് ഒരു സമുദായത്തിന്റെ മാത്രം പത്രമാകാതെ എല്ലാവരുടെയും പത്രമാകണമെന്ന് ഞാൻ പറഞ്ഞിരുന്നു. അതനുസരിച്ച് *മാധ്യമം* മുന്നോട്ടു പോകുന്നത് ആഹ്ലാദകരമാണ്- അദ്ദേഹം പറഞ്ഞു. 'അസ്സലാമു അലൈകും' എന്ന് അഭിവാദ്യം ചെയ്ത് പ്രസംഗം ആരംഭിച്ച കുൽദീപ് നയാർ *മാധ്യമം* പോലെ സോളിഡാരിറ്റിയും തന്റെ പ്രതീക്ഷ അസ്ഥാനത്താക്കില്ലെന്ന വിശ്വാസം പ്രകടിപ്പിച്ചാണ് പ്രസംഗം അവസാനിപ്പിച്ചത്. വി.എം ബദീഉസ്സമാൻ പ്രസംഗം പരിഭാഷപ്പെടുത്തി.

സാമ്രാജ്യത്വവിരുദ്ധ ജനകീയ ചെറുത്തുനിൽപിനെ തകർക്കാനാണ് വർഗീയധ്രുവീകരണം സൃഷ്ടിക്കുന്നതെന്ന് പ്രമുഖ പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തകൻ സി.ആർ നീലകണ്ഠൻ പറഞ്ഞു. വികസനത്തിന്റെ പേരിൽ കേരളത്തിലും ജനങ്ങളെ പിഴുതെറിയുകയാണ്. എക്സ്പ്രസ് വേ, കരിമണൽ ഖനന ഭീഷണികൾ നീങ്ങിയിട്ടില്ല. തുടങ്ങിയ സമരങ്ങളൊന്നും അവസാനിച്ചിട്ടില്ല. പ്ലാച്ചിമട, എൻഡോസൾഫാൻ, ആദിവാസി സമരങ്ങൾ ഇനിയും മുന്നോട്ടു കൊണ്ടുപോകണം. ഇന്ന് കൂടെയുള്ളവർ നാളെ ഒപ്പമുണ്ടാവണമെന്നില്ല. അപ്പോഴും പോരാട്ടം തുടരേണ്ടതുണ്ട്. മതം ശക്തിയാണ്; അതിനെ ദൗർബല്യമാക്കരുത്. അരാഷ്ട്രീയവത്കരണമാണ് ഏറ്റവും വലിയ അപകടം. ലാറ്റിനമേരിക്കയിൽ വിമോചന ദൈവശാസ്ത്രം ചെറുത്തുനിൽപിൽ നിർണായക പങ്കുവഹിക്കുകയുണ്ടായി. മതത്തിന്റെ ഊർജം ഉൾക്കൊണ്ട് എല്ലാ വിഭാഗങ്ങളുമായും ഒത്തുചേർന്ന് ഒറ്റക്കെട്ടായി പോരാടണമെന്ന് അദ്ദേഹം പറഞ്ഞു.

സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം അധ്യക്ഷത വഹിച്ചു. പ്രാന്തവത്കൃത വിഭാഗങ്ങളുടെ വികാരങ്ങളാണ് സോളിഡാരിറ്റി ഏറ്റെടുത്തിട്ടുള്ളതെന്നും അവരുടെ പോരാട്ടത്തെ പിന്തുണക്കേണ്ടത് സോളിഡാരിറ്റിയുടെ ബാധ്യതയാണെന്നും അദ്ദേഹം പറഞ്ഞു. സാമ്രാജ്യത്വവിരുദ്ധ സമര ഉള്ളടക്കമുള്ള ആദർശഭൂമികയാണ് സോളിഡാരിറ്റിയുടേത്. ജനവിരുദ്ധ, മനുഷ്യവിരുദ്ധ പ്രവർത്തനങ്ങളോട് സോളിഡാരിറ്റി ശത്രുത പ്രഖ്യാപിച്ചിരിക്കുന്നു. കാലഘട്ടത്തിന്റെ ചെകുത്താന്മാരെ പ്രതിരോധിക്കാൻ അറിവും വിശ്വാസവും സംസ്കാരവുമാണാവശ്യം. പകലിന്റെ പോരാട്ടവും രാവിന്റെ പ്രാർഥനയുമുള്ളിടത്താണ് യുഗപ്പിറവിയുള്ളത്- അദ്ദേഹം പറഞ്ഞു.

ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗം ടി.കെ അബ്ദുല്ല, സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ എന്നിവരും പ്രസംഗിച്ചു. സോളിഡാരിറ്റി മലപ്പുറം വെസ്റ്റ് ജില്ലാ പ്രസിഡന്റ് സലീം മമ്പാട് പ്രമേയം അവതരിപ്പിച്ചു. അമീൻ യാസിർ ആന്റ് പാർട്ടി ഗാനമാലപിച്ചു. ഈസ്റ്റ് ജില്ലാ പ്രസിഡന്റ് മുസ്ത്വഫാ ഹുസൈൻ സ്വാഗതവും ജില്ലാ സമ്മേളന കൺവീനർ പി.കെ ഹബീബ് ജഹാൻ നന്ദിയും പറഞ്ഞു. വി.എം സാഫിർ 'ഖുർആനിൽനിന്ന്' അവതരിപ്പിച്ചു. സോളിഡാരിറ്റി പുറത്തിറക്കിയ ഗാന സീഡി ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീർ ടി. ആരിഫലി സി.ആർ നീലകണ്ഠന് നൽകി പ്രകാശനം ചെയ്തു. ■